**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5555** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.സി.എം.എം.എഫിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കെ.സി.എം.എം.എഫ്(കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ)-ൽ ജനറൽ മാനേജരുടെ ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ച നടപടി റദ്ദാക്കിക്കൊണ്ട് ഉത്തരവാകുകയുണ്ടായോ; ഏതു സാഹചര്യത്തിലാണ് ഇത്തരം ഒരു ഉത്തരവിടാൻ നിർബന്ധിതമായതെന്ന് വ്യക്തമാക്കുമോ; | (എ) | കെ.സി.എം.എം.എഫ് (കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ)-ൽ ജനറൽ മാനേജരുടെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ച നടപടി റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ലോക് സഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റചട്ടം നിലവിലിരിക്കെ സർക്കാർ ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ തസ്തികയിൽ നിന്നും വിടുതൽ ചെയ്യാനാവാത്ത സാഹചര്യത്തിൽ അവരുടെ ഭാഗത്ത് നിന്നുള്ള വീഴ്ച കൂടാതെ തന്നെ അവർക്ക് കെ.എസ്.ആർ ഭാഗം I ചട്ടം 140 (സി) പ്രകാരമുള്ള അച്ചടക്കനടപടി ബാധകമാവുമെന്നതിനാൽ, ഇത്തരത്തിൽ അനാവശ്യമായി അച്ചടക്കനടപടി സ്വീകരിക്കേണ്ട സാഹചര്യം ഒഴിവാക്കാനായി അങ്ങനെയുള്ള ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ 30.06.2024 വരെ ദീർഘിപ്പിച്ച് കൊണ്ട് 09.04.2024 തീയതിയിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>കെ.സി.എം.എം.എഫ് (മിൽമയിലും) മൂന്ന് മേഖലാ യൂണിയനുകളിലും (തിരുവനന്തപുരം, എറണാകുളം, മലബാർ) കേരള സർവീസ് ചട്ടങ്ങൾ ബാധകമല്ലാത്തതിനാലും കേരള സഹകരണ നിയമം, 1969 പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് മിൽമയും മേഖലാ യൂണിയനുകളും എന്നിരിക്കെ 09.04.2024 തീയതിയിലെ സർക്കാർ ഉത്തരവിന്റെ ആനുകൂല്യം മിൽമയിലെ ജനറൽ മാനേജർക്ക് (ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന) നൽകേണ്ടതില്ലെന്നും The Co-operative Societies Rules, Rule 185A യിലെ നിബന്ധനകൾ അനുസരിച്ച് കാലാവധി കഴിയുന്ന മുറയ്ക്ക് ടിയാനെ ഡെപ്യൂട്ടേഷനിൽ നിന്നും വിടുതൽ ചെയ്യാവുന്നതാണെന്ന് ബോധ്യപ്പെട്ടതിനാലും കൂടാതെ, സർക്കാരിന്റെ നിയന്ത്രണത്തിലുള്ള |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത് സംബന്ധിച്ചും ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ചുമായ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതിന് സർക്കാർ അനുമതി ആവശ്യമാണെന്ന പൊതുവായ നിലപാടാണ് സ്വീകരിച്ച് വരുന്നത് എന്നതിനാലും ആയതിൽ നിന്നും വിരുദ്ധമായി KCMMF ലെ ഡെപ്യൂട്ടേഷൻ നിയമനങ്ങളുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മിൽമ മാനേജിംഗ് ഡയറക്ടർക്ക് സർക്കാരോ രജിസ്ട്രാറോ അനുവാദം നൽകിയിട്ടുമില്ലാത്ത സഹചര്യത്തിലാണ് കെ.സി.എം.എം.എഫിലെ ജനറൽ മാനേജരുടെ ഡെപ്യൂട്ടേഷൻ കാലാവധി 30.06.2024 വരെ ദീർഘിപ്പിച്ചു നൽകിയ മിൽമ മാനേജിംഗ് ഡയറക്ടറുടെ 30.04.2024-ലെ നടപടിക്രമം റദ്ദാക്കിക്കൊണ്ട് 24.05.2024- തീയതിയിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് |
| (ബി) | കെ.സി.എം.എം.എഫിൽ ആകെ എത്ര ജീവനക്കാരാണ് നിലവിൽ ജോലി ചെയ്യുന്നത് ;തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | നിലവിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇതിൽ ആകെ എത്ര ജീവനക്കാരാണ് പി.എസ്.സി. മുഖേന നിയമിതരായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; നിലവിൽ പി.എസ്.സി. ക്ക് വിട്ടിട്ടില്ലാത്ത തസ്തികകൾ ഏതെല്ലാമാണെന്നും ഇവയിൽ ഓരോന്നിലും നിയമനം നടത്തുന്ന രീതിയും വിശദമാക്കുമോ; | (സി) | പി.എസ്.സി. വിവിധ തസ്തികകളിലേക്ക് ശുപാർശ ലഭ്യമാക്കിയിരുന്നത് അനുസരിച്ച് 165 ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുകയും ആയതിൽ 106 പേർ സേവനത്തിൽ തുടരുകയുമാണ്.<br><br>ഫെഡറേഷനിലെ സ്റ്റാഫ് റെഗുലേഷന്റെ പരിധിയിൽ വരുന്ന അസിസ്റ്റന്റ് മാനേജർ തസ്തികകൾ മുതൽ ജനറൽ മാനേജർ തസ്തിക വരെ പ്രൊമോഷൻ വഴി നിയമിക്കുന്നതിന് യോഗ്യരായ ഉദ്യോഗസ്ഥർ ഇല്ലാതെ വരുന്ന പക്ഷം ആയത് പി.എസ്.സി. വഴിയാണ് നികത്തി വരുന്നത്. |
| (ഡി) | ഡെപ്യൂട്ടേഷൻ മുഖേന നിയമനം നടത്തുന്ന തസ്തികകൾ ഏതെല്ലാമാണെന്നും ഈ തസ്തികകളിലേക്ക് പി.എസ്.സി. മുഖേന നിയമനം നടത്താത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ; | (ഡി) | ഫെഡറേഷനിലെ സ്റ്റാഫ് റെഗുലേഷന്റെ പരിധിയിൽ വരുന്ന അസിസ്റ്റന്റ് മാനേജർ തസ്തികകൾ മുതൽ ജനറൽ മാനേജർ തസ്തിക വരെ പ്രൊമോഷൻ വഴി നിയമിക്കുന്നതിന് യോഗ്യരായ ഉദ്യോഗസ്ഥർ ഇല്ലാതെ വരുന്ന പക്ഷം ആയത് പി.എസ്.സി. വഴിയാണ് നികത്തി വരുന്നത്. ഫെഡറേഷനിലെ നിയമനങ്ങൾ 1995 - ൽ പി.എസ്.സി-ക്ക് വിട്ടുവെങ്കിലും 2011-ലാണ് റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിച്ച് ഉത്തരവായിട്ടുള്ളത്. അതനുസരിച്ച് 2011 - ൽ തന്നെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും 2014-ലാണ് ഓഫീസർ തസ്തികയിൽ ആദ്യ നിയമനം നടക്കുന്നത്. 1995 - ൽ പി.എസ്.സി.-ക്ക് വിട്ടതിനുശേഷം 2011 - ൽ റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിച്ച് |

| | | | |
|---|---|---|---|
| | | | ഉത്തരവാകുന്നതുവരെയുള്ള കാലയളവിൽ റിക്രൂട്ട്മെന്റ് നടക്കാത്തതിനാൽ ഉയർന്ന തസ്തികകളിൽ പരിചയസമ്പന്നരായ ഉദ്യോഗസ്ഥരുടെ അഭാവം ഉണ്ടായിട്ടുണ്ട്. കൂടാതെ, നിയമന ഉത്തരവ് ലഭ്യമായി ജോലിയിൽ പ്രവേശിക്കുന്ന ഭൂരിഭാഗം ഉദ്യോഗാർത്ഥികളും മറ്റ് ജോലികൾ ലഭ്യമായി വിട്ടുതൽ ചെയ്തുപോകുന്നതും ടി തസ്തികകളിലെ ഉദ്യോഗസ്ഥരുടെ അഭാവത്തിന് കാരണമായിട്ടുണ്ട്. ആയതിനാലാണ് പരിചയസമ്പന്നരായ ഉദ്യോഗസ്ഥരെ മേഖലാ യൂണിയനുകളിൽ നിന്നും ഡെപ്യൂട്ടേഷനിൽ, ഭരണസമിതി തീരുമാനപ്രകാരവും കേരള സഹകരണ നിയമ പ്രകാരവും നിയമിച്ചിട്ടുള്ളത്. |
| (ഇ) | കെ.സി.എം.എം.എഫി-ലെ മുഴുവൻ തസ്തികകളിലേക്കും പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | കെ.സി.എം.എം.എഫി-ലെ മാനേജിംഗ് ഡയറക്ടർ ഒഴികെയുള്ള എല്ലാ തസ്തികകളിലും പി.എസ്.സി. നിയമനം ബാധകമാക്കിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥാപനത്തിൽ സ്പെഷ്യൽ റൂൾ അനുസരിച്ച് പി.എസ്.സി വഴി നിയമിക്കപ്പെടേണ്ട തസ്തികകളിൽ അപ്രകാരം നിയമനം നടത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| | | |
|---|---|---|
| 1 | **Managing Director** | 1 |
| 2 | General Manager | 0 |
| 3 | Senior Manager | 0 |
| 4 | Manager | 2 |
| 5 | Assistant Manager | 8 |
| 6 | Officer | 17 |
| 7 | Assistant Officer | 35 |
| 8 | System Supervisor | 1 |
| 9 | Marketing Organizer | 1 |
| 10 | Secretarial Assistant | 6 |
| 11 | Jr Asst/Sr.Asst/Jr.Supdt | 31 |
| 12 | Lab Assistant | 12 |
| 13 | Plant Operators | 11 |
| 14 | Technician | 62 |
| 15 | Driver cum Office Attender | 3 |
| 16 | Office Attender | 8 |
| 17 | Store Attender | 10 |
| 18 | Plant Assistants | 176 |